## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

തീയതി- 18.12.2019

എഫ് 2 - 12197/2019

**സർക്കുലർ നമ്പർ 20 /2019-20**

വിഷയം-കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ തകരാർ പരിഹരിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) 24.11.2016 ലെ ബോർഡ് സർക്കുലർ നമ്പർ 26/2016-17

2) കേരള ഹെഡ് ലോഡ് വർക്കേഴ്സ് റൂൾസ് 1981 – റൂൾസ് 15 (5)

3) 18/12/19 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലുള്ള ജില്ലാ കമ്മിറ്റി /ഉപകാര്യാലയങ്ങളിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് ഉണ്ടാകുന്ന തകരാറുകൾ മൂലം വേതന വിതരണം, ആനുകൂല്യങ്ങളുടെ വിതരണം, അക്കൗണ്ടിംഗ് എന്നിവ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങളുടെ തകരാർ അടിയന്തിരമായി പരിഹരിക്കേണ്ടത് ഓഫീസ് പ്രവർത്തനം സുഗമമായി നടക്കുന്നതിന് അത്യാവശ്യമായതിനാൽ, താഴെ പറയും പ്രകാരമുള്ള അധികാരങ്ങൾ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് നൽകുന്നു.

കമ്പ്യൂട്ടർ മോണിറ്റർ , മദർബോർഡ്, ഹാർഡ് ഡിസ്ക്ക് , എസ്.എം.പി.എസ്.,യു.പി.എസ്. മദർ ബോർഡ്, ഇന്റർനെറ്റ് മോഡം, 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബാറ്ററി , മറ്റ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ തകരാറിലാകുന്ന പക്ഷം കൃത്യമായ ടെക്നീഷ്യൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തകരാർ പരിഹരിക്കുന്നതിനോ, സ്റ്റോർ പർച്ചേസ് മാനവൽ വ്യവസ്ഥകൾ പ്രകാരം മാറ്റി സ്ഥാപിക്കുന്നതിനോ, ആവശ്യമായ തുക ബഡ്ജറ്റ് പരിധിക്കുള്ളിൽ നിന്നുകൊണ്ട്, ചിലവഴിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കമ്മിറ്റി ചെയർമാൻമാർക്ക് ഈ സർക്കുലർ തീയതി മുതൽ അധികാരമുണ്ടായിരിക്കുന്നതാണ്. സർക്കുലർ പ്രകാരം തുക ചെലവഴിക്കുന്നതിനുള്ള ഒറ്റ തവണത്തെ പരിധി 15,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ഇത്തരത്തിൽ തുക ചെലവഴിക്കുമ്പോൾ ആയതിന്റെ വിശദാംശം ജില്ലാ കമ്മിറ്റിയിൽ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**സ്വീകർത്താവ്.**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും.

( ജില്ലാ കമ്മിറ്റി ചെയർമാൻ കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.

**പകർപ്പ്**

ഫിനാൻസ് ഓഫീസർ എല്ലാ അക്കൗണ്ട്സ് ഓഫീസർമാർ,സൂപ്രണ്ട് അക്കൗണ്ട്സ് (ക്യാഷ്) സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

(അറിവിലേയ്ക്കും ആവശ്യമായ തുടർ നടപടികൾക്കുമായി )

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്